**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 36** **22-07-2021 - ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ വെഞ്ഞാറമൂട് ഫ്ലൈ ഓവർ ആദ്യം ടെൻഡർ ചെയ്തുവെങ്കിലും രണ്ടു കരാറുകാരിൽ ഒരാൾ മാത്രം സാങ്കേതിക യോഗ്യത ചെയ്ത സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി റീ ടെണ്ടർ നിർദേശിച്ചു. റീ ടെണ്ടർ ചെയ്തപ്പോഴും സിംഗിൾ ടെണ്ടർ ആയിരുന്നെങ്കിലും, സാങ്കേതികമായി യോഗ്യത നേടിയതിനാൽ രണ്ടാം ടെണ്ടർ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക ടെണ്ടർ അപ്രൂവൽ കമ്മിറ്റിക്ക് അംഗീകരിക്കാവുന്ന തുകയായ 10% നെ ക്കാൾ കൂടുതലായതിനാൽ സർക്കാർ അംഗീകാരത്തിനായി 14.09.2020 ൽ സമർപ്പിച്ചു. എന്നാൽ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതിനു ശേഷം ടെണ്ടർ അപ്രൂവലിന് സമർപ്പിക്കുവാൻ നിർദേശിച്ചതിൻ പ്രകാരം 28.12.2020 ൽ വീണ്ടും സമർപ്പിക്കുകയും എസ്റ്റിമേറ്റ് പുതുക്കി റീടെണ്ടർ ചെയ്യാനായി സർക്കാരിൽ നിന്നും നിർദേശം ലഭിക്കുകയുമുണ്ടായി. അംഗീകരിച്ച ഡിസൈൻ പ്രകാരം ഫ്ലൈഓവറിന്റെ വീതി 10.5 മീറ്ററും സർവ്വീസ് റോഡിന് ഡ്രെയിനും നടപ്പാതയും ഉൾപ്പടെ 3.5 മീറ്ററും മാത്രമാണ് വീതി ഉണ്ടായിരുന്നത്. അതിനാൽ സർവ്വീസ് റോഡിന് ആവശ്യമായ വീതി ലഭ്യമാക്കുന്നതിന് ഫ്ലൈഓവറിന്റെ വീതി 7.5 മീറ്റർ ആയി കുറയ്ക്കുവാൻ 19/01/2021 ലെ യോഗത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിനോട് കിഫ്ബി നിർദേശിക്കുകയുണ്ടായി. അതിൻ പ്രകാരം ഫ്ലൈഓവറിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | പുതുക്കിയ ഡിസൈൻ അന്തിമമാക്കിയതിന് ശേഷം പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കി |

| | | | |
|---|---|---|---|
| | | | എസ്.പി.വി യ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ